**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3014** **13-07-2022 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസ് പരിഷ്കരണവും കൊട്ടുവള്ളി റസ്റ്റ് ഹൗസ് നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് പ്രാഥമികഘട്ടത്തിൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാഥമികഘട്ടത്തിൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | 2006-11 കാലഘട്ടത്തിൽ ഇരുപത്തഞ്ച് സെന്റ് സ്ഥലം ലഭ്യമാക്കി ഭരണാനുമതി ലഭിച്ച കൊട്ടുവള്ളി റസ്റ്റ് ഹൗസ് ഇതുവരെ നിർമ്മിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | 04.05.2009-ലെ സ.ഉ(സാധാ) നം.580/2009/ പൊ.മ.വ പ്രകാരം 73 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയ്ക്ക് 30.11.2009-ന് 78 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരൻ 32% അധിക നിരക്കിലാണ് ക്വാട്ട് ചെയ്തത്. 24 ശതമാനം അധിക നിരക്കിലാണ് പ്രസ്തുത ടെണ്ടറിന് അംഗീകാരം ലഭിച്ചത്. ഇതു കാരണം കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 92 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് SOR 2010 പ്രകാരം പുതുക്കി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല. 24.09.2020 – ലെ സ.ഉ(സാധാ) നം.772/2020/ പൊ.മ.വ പ്രകാരം 256 ലക്ഷം രൂപയ്ക്ക് വീണ്ടും ഭരണാനുമതി നൽകി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.05.2011-ലെ സ.ഉ(സാധാ)നം.1132/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കൊട്ടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ സർവ്വേ നമ്പർ 55/2, 55/1-ൽ പ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ അനുവദിക്കുന്നതിന് കൊട്ടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 19.06.2020-ലെ ഭരണസമിതിയുടെ 17.3/2020-21 നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 66 സെന്റ് സ്ഥലം 2006-ൽ മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനും, 25 സെന്റ് സ്ഥലം 2006-ൽ |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും വിട്ടുകൊടുത്തതിനാൽ ബ്ലോക്ക് ഓഫീസ് പരിസരത്ത് വാഹന പാർക്കിംഗ് പ്രശ്നം നിലനിൽക്കുന്നുവെന്നും ആയത് പരിഹരിക്കുന്നതിന് ഫണ്ട് അനുവദിച്ചുകൊണ്ടും ബി.ഡി.ഒ ക്വാർട്ടേഴ്സ് പൊളിക്കേണ്ടതിനാലും മുമ്പ് സ്ഥലം കൈമാറുന്നതിന് കൈക്കൊണ്ട തീരുമാനം റദ്ദ് ചെയ്യുകയും സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തതായി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ 10.06.2021-ന് രേഖാമൂലം അറിയിച്ചു. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് ആദ്യം ഭരണാനുമതി ലഭിച്ച തുകയിൽ നിന്ന് എത്ര രൂപയുടെ വർദ്ധനവാണ് നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | 73 ലക്ഷം രൂപയിൽ നിന്ന് 256 ലക്ഷം രൂപയ്ക്കാണ് പുതുതായി ഭരണാനുമതി ലഭിച്ചത്. 183 ലക്ഷം രൂപയുടെ വർദ്ധനവാണ് നിലവിൽ വന്നിട്ടുളളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| List of PWD Rest Houses for upgrading to Tourism Potential | | | | |
|---|---|---|---|---|
| **Sl. No** | **Price ID** | **Name of works** | **District** | **Amount in Lakhs** |
| 1 | PWD/BLDG/EST/ 97528/2021_5_1_1 | Camp Shed, Ponmudi-Upgradation works in PWD Camp shed, Ponmudi | TVM | 49.866 |
| 2 | PWD/BLDG/EST/ 11262/2022_12_1_1 | Maintenance works at Achencovil Rest house | KLM | 50 |
| 3 | PWD/BLDG/EST/ 101668/2021_5_1_1 | Upgrading Rest Houses on the Tourist Potential of the locality-Aranmula Rest House - Pathanamthitta | PTA | 50 |
| 4 | PWD/BLDG/EST/ 102661/2021_5_1_1 | Tourism Potential – Upgradation of PWD rest houses – Karumady Rest House -Upgradation of Karumady Rest house | ALP | 49 |
| 5 | PWD/BLDG/EST/ 102064/2021_5_1_1 | Rest House Cherthala -Upgradation work based on tourist potential | ALP | 50 |
| 6 | PWD/BLDG/EST/ 102379/2021_5_1_1 | Vakkom Rest House renovation -Upgradation to meet Tourism potential | KTM | 50 |
| 7 | PWD/BLDG/EST/ 99789/2021_5_1 | Inspection Bungalow ,Thekkady -Maintenance works to PWD IB, Thekkady | IDK | 49.7 |
| 8 | PWD/BLDG/EST/ 101816/2021_5_1_1 | Renovation works to the Rest House at Puthenkurish | EKM | 50 |
| 9 | PWD/BLDG/EST/ 101820/2021_5_1_1 | PWD Rest house Pathadipalam -Urgent maintenance works for upgrading the rest house based on the tourist potential of the locality | EKM | 50 |
| 10 | PWD/BLDG/EST/ 93483/2021_5_11_11 | Maintenance under Building section Wadakkanchery - Renovation works of Cheruthuruthy Rest house for upgrading Rest house based on the Tourist potential of the locality | TSR | 50 |
| 11 | PWD/BLDG/EST/ 101682/2021_5_1_1 | Upgrading Rest houses based on the Tourist potential of the locality -Agali Palakkad District | PKD | 50 |
| 12 | PWD/BLDG/EST/ 100216/2021_5_1_1 | PWD Rest house Kondotty -Upgrading based on the tourist potential of the locality | MLP | 49.95 |
| 13 | BL/2021/1702 | Renovation of Thamarassery Rest house | KKD | 50 |
| 14 | BL/2021/1760 | Painting and maintenance work at Rest house -Renovation of Rest house Taliparambu | KNR | 50 |
| 15 | PWD/BLDG/EST/ 101806/2021_5_1_1 | Renovation work of Mattanur Rest house | KNR | 49.98 |
| 16 | PWD/BLDG/EST/ 103319/2021_5_2_2 | Upgradation of Rest house -Rest house at Hosdurg in Kasargod District | KSD | 50 |
| | | **Grand Total** | | **798.496** |